പതിനഞ്ചാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം-2

2023 മെയ് 31

നമ്പർ:389

**കേരള പോലീസ് അസോസിയേഷൻ ബഹു .സ്പീക്കർക്ക് സമർപ്പിച്ച പരാതി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്.**

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളന കാലയളവിൽ 2023 മാർച്ച് 15-ന് സഭാ സമ്മേളനത്തിനിടെ ബഹു.സ്പീക്കറുടെ ചേംബറിന് മുന്നിൽ വച്ച് ചില പ്രതിപക്ഷ കക്ഷികളിൽപെട്ട നിയമസഭാ സാമാജികരും അവരുടെ ചില പി.എ.മാരും ചേർന്ന് വാച്ച് ആന്റ് വാർഡ് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടത്തിയ ആക്രമണത്തിൽ ചീഫ് മാർഷൽ, അഡീഷണൽ ചീഫ് മാർഷൽ, 5 വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 09 പേർക്ക് ഗുരുതരമായി പരിക്കേറ്റ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്നതായും, പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ ജനപ്രതിനിധികളുടെ ഭാഗത്ത് നിന്നുണ്ടായ ആക്രമണം ഏറെ ഗൗരവ സ്വഭാവമുള്ളതാകയാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണമെന്നും, പരിക്ക് പറ്റിയ ഉദ്യോഗസ്ഥരുടെ പൂർണ്ണമായ ചികിൽസാ ചെലവുകൾ നിയമസഭാ സെക്രട്ടേറിയറ്റ് ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ട് കേരള പോലീസ് അസോസിയേഷൻ 15.03.2023-ന് ബഹു. സ്പീക്കർക്ക് സമർപ്പിച്ച പരാതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 25.05.2023-ന് റഫർ ചെയ്തിരിക്കുന്നു.

എ. എം. ബഷീർ,

സെക്രട്ടറി.